**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2958** **21/08/2017-ൽ മറുപടിയ്ക്ക്**

# കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) കാർഷിക മേഖലയിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ബാദ്ധ്യതകൾ തീർക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ മുഖേന 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) കെയ്കോയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ; | ബി) ട്രേഡ് യൂണിയൻ ഉന്നയിക്കുന്ന പ്രശ്നങ്ങൾ കോർപ്പറേഷൻ തലത്തിൽ ചർച്ചചെയ്യുന്നുണ്ട്. |
| സി) സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള വിവിധ കാർഷികപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെയ്കോയെ പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിന് വേണ്ടി KIFB-യിൽ അപേക്ഷ നൽകുന്നതിനും പ്രോജക്ട് നടപ്പാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ [Special Purpose Vehicle (SPV)] ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ ആരംഭിക്കുന്ന അഗ്രോ മാളുകളിൽ തൃശ്ശൂരിൽ ആരംഭിക്കുന്നതിന്റെ ചുമതല ഇപ്പോൾ KAICO-വിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ